"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാമത് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നതിനും, പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം.39/2025/SCSTD തീയതി,തിരുവനന്തപുരം, 28-10-2025

പരാമർശം:-
1. സ.ഉ.(കൈ) നം.60/2018/പജപവവിവ, തീയതി 28.06.2018
2. സ.ഉ.(പി) നം.27/2021/ഫിൻ, തീയതി 10.02.2021
3. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 19.02.2024, 30.08.2024, 22.01.2025 തീയതികളിലെ 1622/എ2/2021/Pay Revision നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01/07/2019 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയ പതിനൊന്നാമത് ശമ്പള പരിഷ്ക്കരണം, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്കും നടപ്പിലാക്കണമെന്നും, പരാമർശം (1) പ്രകാരമുള്ള പത്താം ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ ഫലമായി ജീവനക്കാർക്കുള്ള പ്രൊമോഷൻ പ്രക്രിയയിൽ ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമേഖലാസ്ഥാപനങ്ങളുടെ വർഗ്ഗീകരണം നടത്തിയതിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 'കാറ്റഗറി D'-യിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തികവർഷം മുതൽ സാമ്പത്തികമായി ലാഭം നേടാൻ കോർപ്പറേഷനാകുകയും, ശമ്പള പരിഷ്ക്കരണത്തിലൂടെയുണ്ടാകുന്ന പ്രതിമാസ അധിക സാമ്പത്തിക ബാധ്യത, സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയോ സാമ്പത്തിക സ്ഥിതിയെയോ ബാധിക്കാതെ തന്നെ വഹിക്കാനാകും എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുമുള്ള സാഹചര്യത്തിൽ, പരാമർശം (2) ഉത്തരവിലെ അനക്സർ I പ്രകാരം, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ചുവടെ പറയുന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാർക്ക് താഴെ പരാമർശിക്കുന്ന നിബന്ധനകൾക്ക് വിധേയമായി 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ | അനുവദിച്ച തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | മാതൃവകുപ്പിലേതു പോലെ | | 1 |
| 2 | കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജർ | 45800-89000 | 63700-123700 | 1 |
| 3 | മാനേജർ (ഇ &ആർ) | 42500-87000 | 59300-120900 | 1 |
| 4 | പ്രോജക്ട് മാനേജർ | 42500-87000 | 59300-120900 | 1 |
| 5 | ജില്ലാ മാനേജർ (HG) | 42500-87000 | 59300-120900 | 14 |
| | ജില്ലാ മാനേജർ | 39500-83000 | 55200-115300 | |
| 6 | ഇന്റേണൽ ഓഡിറ്റർ | 35700-75600 | 50200-105300 | 1 |
| 7 | സീനിയർ സൂപ്രണ്ട് | 35700-75600 | 50200-105300 | 1 |
| 8 | അക്കൗണ്ട്സ് ഓഫീസർ | 35700-75600 | 50200-105300 | 1 |
| 9 | ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 30700-65400 | 43400-91200 | 17 |

| | | | | |
|---|---|---|---|---|
| | | | | |
| 10 | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 27800-59400 | 39300-83000 | 1 |
| 11 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 | 27900-63700 | 2 |
| 12 | ഡ്രാഫ്റ്റ്സ് മാൻ | 20000-45800 | 27900-63700 | 2 |
| 13 | ട്രേസർ | 18000-41500 | 25100-57900 | 1 |
| 14 * | അസിസ്റ്റന്റ്/അക്കൗണ്ടന്റ് ഗ്രേഡ് I | 25200-54000 | 35600-75400 | 98 |
| | അസിസ്റ്റന്റ്/അക്കൗണ്ടന്റ് ഗ്രേഡ് II | 19000-43600 | 26500-60700 | |
| 15 ** | ടൈപ്പിസ്റ്റ് ഗ്രേഡ് I | | 31100-66800 | 14 |
| | ടൈപ്പിസ്റ്റ് ഗ്രേഡ് II | | 26500-60700 | |
| 16 $ | ഡ്രൈവർ ഗ്രേഡ് I | 19000-43600 | 26500-60700 | 11 |
| | ഡ്രൈവർ ഗ്രേഡ് II | 18000-41500 | 25100-57900 | |
| 17 | അറ്റൻഡർ | 17500-39500 | 24400-55200 | 1 |
| 18 | പ്യൂൺ/വാച്ച്മാൻ ഗ്രേഡ് II | 16500-35700 | 23000-50200 | 30 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 8200-13340 | 11500-18940 | 7 |

* അസിസ്റ്റന്റ് ഗ്രേഡ് II /അക്കൗണ്ടന്റ് ഗ്രേഡ് II // അസിസ്റ്റന്റ് ഗ്രേഡ് I /അക്കൗണ്ടന്റ് ഗ്രേഡ് I

തമ്മിലുള്ള അനുപാതം 1:1 ആയിരിക്കുന്നതാണ്.

** ടൈപ്പിസ്റ്റ് ഗ്രേഡ് II, ഗ്രേഡ് I തസ്തികകൾ തമ്മിലുള്ള അനുപാതം 1:1 ആയിരിക്കുന്നതാണ്.

$ ഡ്രൈവർ ഗ്രേഡ് II, ഗ്രേഡ് I തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 ആയിരിക്കുന്നതാണ്.

## നിബന്ധനകൾ

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019- ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021-ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021-ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കോർപ്പറേഷനിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI-ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം

നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി) നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

14. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

15. ഭാവിയിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് G.O. (P) No.28/2016/Fin dtd 26.02.2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

16. കോർപ്പറേഷനിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P) No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ G.O.(P) No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

17. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

18. ഇ.പി.എഫ്-ലേയ്ക്കുള്ള എംപ്ലോയർ വിഹിതം സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുക്കുന്നതുവരെ മാത്രം, നിലവിലെ സ്ഥിതി തുടരാവുന്നതാണ്.

19. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

20. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

21. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കോർപ്പറേഷനിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് നിർത്തലാക്കേണ്ടതാണ്.

22. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കോർപ്പറേഷനിൽ നടപ്പാക്കാൻ പാടില്ല.

മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.
പൊതുഭരണ (എസ്.സി) വകുപ്പ് (22.10.2025 തീയതിയിലെ മന്ത്രിസഭായോഗതീരുമാനം ഇനം നം.3346)
ധനകാര്യ വകുപ്പ് (No. 1892009/PU-C3/140/2021-FIN, തീയതി 24.04.2025 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by
Anil Kumar A
Date: 28-10-2025 14:49:34

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-10-2025

ഫയൽ നം. സി1/254/2021/പജപവവിവ. ഇനം നം: 3346

വിഷയം : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

23/10/2025
AS
12:20PM

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | സി1/254/2021/പജപവവിവ |
| 2 | വകുപ്പ് | പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിച്ച് റെഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.09.2025 |
| 5 | i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | അതെ |
| | ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. |

| | | |
|---|---|---|
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സിമി എ. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ഡോ. എ. കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.10.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.10.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ഒ. ആർ. കേളു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 21.10.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 21.10.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ

അനുവദിക്കുന്നതിനും അനുമതി നൽകാമോ എന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01/07/2019 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയ പതിനൊന്നാമത് ശമ്പള പരിഷ്കരണം, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്കും നടപ്പിലാക്കണമെന്നും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഫലമായി ജീവനക്കാർക്കുള്ള പ്രമോഷൻ പ്രക്രിയയിൽ ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തികവർഷം മുതൽ സാമ്പത്തികമായി ലാഭം നേടാൻ കോർപ്പറേഷനാകുകയും, ശമ്പള പരിഷ്ക്കരണത്തിലൂടെയുണ്ടാകുന്ന പ്രതിമാസ അധിക

സാമ്പത്തിക ബാധ്യത, സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെയോ സാമ്പത്തിക സ്ഥിതിയെയോ ബാധിക്കാതെ തന്നെ വഹിക്കാനാകും എന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുമുള്ള സാഹചര്യത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും റേഷ്യോ പ്രൊമോഷൻ അനോമലി, ശമ്പള പരിഷ്കരണ പ്രക്രിയയിൽ പരിഹരിക്കുന്നതിനും ഫയൽ ശിപാർശ ചെയ്ത് ധനകാര്യവകുപ്പിന് നൽകിയിരുന്നു.

4) ധനകാര്യ വകുപ്പ് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

" കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ 11-ാം ശമ്പള പരിഷ്കരണം സംബന്ധിച്ചും റേഷ്യോ പ്രൊമോഷൻ സംബന്ധിച്ചും ഭരണ വകുപ്പിനെ ചുവടെ പറയും പ്രകാരം അറിയിക്കുന്നു.

10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ 1 പ്രകാരം, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ചുവടെ പറയുന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാർക്ക് താഴെ പരാമർശിക്കുന്ന നിബന്ധനകൾക്കു വിധേയമായി 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കാവുന്നതാണ്.

| ക്രമ നം. | തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ | അനുവദിച്ച തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1 | മാനേജിംഗ് ഡയറക്ടർ | മാതൃവകുപ്പിലേതു പോലെ | | 1 |
| 2 | കമ്പനി സെക്രട്ടറി കം ഫിനാൻസ് മാനേജർ | 45800-89000 | 63700-123700 | 1 |
| 3 | മാനേജർ •ഇ & ആർ ¶ | 42500-87000 | 59300-120900 | 1 |
| 4 | പ്രോജക്ട് മാനേജർ | 42500-87000 | 59300-120900 | 1 [Re-Designated as per G.O(MS)No. 48 /2015/SCSTDD dt |

| | | | | |
|---|---|---|---|---|
| | | | | 2.07.2015 and incorporated in the l0th PRO vide GO(Ms) No.15/2024/SCSTD dated 12.06.2024] |
| 5 | ജില്ലാ മാനേജർ (HG) | 42500-87000 | 59300-120900 | 14 (Re-Designated as per G.O(MS) No. 91/2011/SCSTDD dt 13.09.2011 scale enhanced as) |
| | ജില്ലാ മാനേജർ | 39500-83000 | 55200-115300 | |
| 6 | ഇന്റേണൽ ഓഡിറ്റർ | 35700-75600 | 50200-105300 | 1 |
| 7 | സീനിയർ സൂപ്രണ്ട് | 35700-75600 | 50200-105300 | 1 |
| 8 | അക്കൗണ്ട്സ് ഓഫീസർ | 35700-75600 | 50200-105300 | 1 |
| 9 | ജൂനിയർ സൂപ്രണ്ട്/അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 30700-65400 | 43400-91200 | 17 |
| 10 | സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ | 27800-59400 | 39300-83000 | 1 |
| 11 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000-45800 | 27900-63700 | 2 |

| | | | | |
|---|---|---|---|---|
| 12 | ഡ്രാഫ്റ്റ്സ്മാൻ | 20000-45800 | 27900-63700 | 2 |
| 13 | ഡ്രെസർ | 18000-41500 | 25100-57900 | 1 |
| 14 * | അസിസ്റ്റന്റ്/ അക്കൗണ്ടന്റ് ഗ്രേഡ് 1 | 25200-54000 | 35600-75400 | 98 |
| | അസിസ്റ്റന്റ്/ അക്കൗണ്ടന്റ് ഗ്രേഡ് 11 | 19000-43600 | 26500-60700 | |
| 15 ** | ടൈപ്പിസ്റ്റ് ഗ്രേഡ് 1 | | 31100-66800 | 14 |
| | ടൈപ്പിസ്റ്റ് ഗ്രേഡ് 11 | | 26500-60700 | |
| 16 $ | ഡ്രൈവർ ഗ്രേഡ് 1 | 19000-43600 | 26500-60700 | 11 |
| | ഡ്രൈവർ ഗ്രേഡ് 11 | 18000-41500 | 25100-57900 | |
| 17 | അറ്റൻഡർ | 17500-39500 | 24400-55200 | 1 |
| 18 | പ്യൂൺ/വാച്ച്മാൻ ഗ്രേഡ് 11 | 16500-35700 | 23000-50200 | 30 |
| 19 | പാർട്ട് ടൈം സ്വീപ്പർ | 8200-13340 | 11500-18940 | 7 |

* അസിസ്റ്റൻ്◌റ് ഗ്രേഡ് II /അക്കൗണ്ടന്റ് ഗ്രേഡ് II // അസിസ്റ്റന്റ് ഗ്രേഡ് I /അക്കൗണ്ടന്റ് ഗ്രേഡ് I തമ്മിലുള്ള അനുപാതം 1:1 ആയിരിക്കുന്നതാണ്.

** ടൈപ്പിസ്റ്റ് ഗ്രേഡ് II, ഗ്രേഡ് I തസ്തികകൾ തമ്മിലുള്ള അനുപാതം 1:1 ആയിരിക്കുന്നതാണ്.

$ ഡ്രൈവർ ഗ്രേഡ് II, ഗ്രേഡ് I തസ്തികകൾ തമ്മിലുള്ള അനുപാതം 2:1 ആയിരിക്കുന്നതാണ്.

## നിബന്ധനകൾ

1. മേൽ ശമ്പള പരിഷ്ക്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019-ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്ക്കരിച്ച സ്കെയിലിൽ 01.07.2019- ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021-ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II-ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021-ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13-ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. കോർപ്പറേഷനിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ

സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9. ശമ്പള പരിഷ്ക്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI-ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ(റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ,

ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ 22.10.2001 ലെ സ.ഉ(പി)നം.1208/2001/ധന ഉത്തരവ് പ്രകാരം റദ്ദാക്കേണ്ടതാണ്.

14. ശമ്പള പരിഷ്ക്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത കോർപ്പറേഷൻ സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

15. ഭാവിയിൽ ദിവസ വേതന/കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് G.O. (P) No.28/2016/Fin dtd 26.02.2016-ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

16. കോർപ്പറേഷനിലെ കരാർ/ദിവസവേതന ജീവനക്കാർക്ക് മേൽ പരാമർശ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ബാധകമല്ല. കരാർ/ദിവസവേതനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ G.O.(P)No.28/2016/Fin dtd 26.02.2016, G.O.(P) No.81/2019/Fin തീയതി 09.07.2019 എന്നീ ഉത്തരവുകളിൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കണം. അത്തരം ജീവനക്കാർക്ക് 11.02.2021-ലെ

G.O.(P) No.29/2021/Fin-ൽ അനുശാസിക്കുന്ന വേതനത്തിന് മാത്രമാണ് അർഹതയുണ്ടായിരിക്കുക.

17. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

18. ഇ.പി.എഫ്-ലേയ്ക്കുള്ള എംപ്ലോയർ വിഹിതം പരമാവധി 15000 (Basic Pay + DA) രൂപയുടെ 12% ആയി നിജപ്പെടുത്തേണ്ടതാണ്.

19. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

20. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്ക്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

21. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും കോർപ്പറേഷനിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള

പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

22. ശമ്പള പരിഷ്ക്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ കോർപ്പറേഷനിൽ നടപ്പാക്കാൻ പാടില്ല.

23. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

24. ശമ്പള പരിഷ്ക്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്ക്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്. ”

5) പൊതുമേഖലാസ്ഥാപനങ്ങളുടെ വർഗ്ഗീകരണം നടത്തിയതിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ 'കാറ്റഗറി D’-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ് അറിയിച്ചിട്ടുണ്ട്.

6) മേൽ വിഷയത്തിൽ EPF എംപ്ലോയർ വിഹിതം സംബന്ധിച്ച വിഷയം ഒഴികെ മറ്റുള്ള നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും, EPF വിഷയത്തിൽ 'കോർപ്പറേഷന്റെ വിഹിതം എന്നത്, ജീവനക്കാരന്റെ Basic Pay + DA-യുടെ 12%-വും അത് പരമാവധി 15000/- രൂപയും ആയി നിജപ്പെടുത്തിയും' എന്ന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് ധന വകുപ്പിന്റെ അഭിപ്രായം തേടി സമർപ്പിക്കുവാനും ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജീവനക്കാർക്ക് പതിനൊന്നാമത് ശമ്പള പരിഷ്ക്കരണം 01.07.2019 പ്രാബല്യത്തിൽ നടപ്പിലാക്കുന്നതിനും, പത്താം ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഫലമായി ഉണ്ടായ അനോമലി പരിഹരിച്ച് റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും, ശമ്പള പരിഷ്കരണത്തിലെ EPF എംപ്ലോയർ വിഹിതം അടവാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കി അന്തിമ തീരുമാനം എടുക്കുന്നതുവരെ മാത്രം നിലവിലുള്ള സ്ഥിതി തുടരുന്നതിനും അനുമതി നൽകാമോ?